**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1390** **01-02-2024 - ൽ മറുപടിയ്ക്ക്**

## പൊതുവിദ്യാലയങ്ങളുടെ ഗുണനിലവാരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. പി. ഉബൈദുള്ള** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞു വരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | 1990 കൾ മുതൽ ജനസംഖ്യയിൽ വരുന്ന മാറ്റത്തിനനുസരിച്ച് കുട്ടികളുടെ എണ്ണത്തിൽ സ്വാഭാവികമായും കുറവ് വരുന്നുണ്ട്. പത്താം ക്ലാസു കഴിഞ്ഞ് പോകുന്ന കുട്ടികളുടെ അത്ര കുട്ടികൾ ഒന്നാംക്ലാസിൽ ചേരാറില്ല. അതുകൊണ്ടുതന്നെ മൊത്തം കുട്ടികളുടെ എണ്ണം നോക്കുകയാണെങ്കിൽ കുറവായി കാണാം. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം തുടങ്ങിയ 2017- 18 മുതൽ 2023- 24 അക്കാദമിക വർഷം വരെ അതിന് തൊട്ടുമുൻപുള്ള കാലങ്ങളിലെ പൊതുപ്രവണതയിൽ നിന്നും തികച്ചും ഭിന്നമായ രീതിയിലാണ് കുട്ടികളുടെ സ്കൂൾ പ്രവേശന തോത് കാണുന്നത്. ഒന്നാം ക്ലാസിൽ എത്തിയ കുട്ടികളെല്ലാം അടുത്തവർഷം രണ്ടാം ക്ലാസിൽ എത്തിയിട്ടുണ്ട് എന്ന നിലയിൽ പരിഗണിച്ചാൽ കുട്ടികളുടെ എണ്ണത്തിൽ കുറവ് വന്നിട്ടില്ല. എന്ന് മാത്രമല്ല 2017- 18 അക്കാദമിക വർഷം മുതലിങ്ങോട്ട് ഈ അക്കാദമിക വർഷം വരെ 11 ലക്ഷത്തിനകത്ത് കുട്ടികൾ അധികമായി എത്തുകയാണ് ചെയ്തിരിക്കുന്നത്. |
| (ബി) | പൊതുവിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ കുറവും ഗുണനിലവാര തകർച്ചയും കുട്ടികളുടെ എണ്ണം കുറയുന്നതിനു കാരണമായിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | പൊതുവിദ്യാലയങ്ങളിൽ അധ്യാപകക്ഷാമ<br>നേരിടുന്നില്ല. പി.എസ്.സി. വഴിയും എയ്ഡഡ<br>സ്കൂളിൽ മാനേജരും നിയമനങ്ങൾ<br>നടത്തുന്നുണ്ട്. സ്റ്റാഫ് ഫിക്സേഷൻ<br>പൂർത്തിയാക്കുന്നതുവരെ അധിക<br>തസ്തികകളിൽ അധ്യാപകരെ ദിവസ<br>വേതനത്തിൽനിയമിക്കുവാൻ സർക്കാർ<br>ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഗുണനിലവാര<br>മെച്ചപ്പെടുത്തുവാൻ പൊതുവിദ്യാഭ്യാസ വകുപ്പ<br>അനുബന്ധ ഏജൻസികളായ<br>എസ്.സി.ഇ.ആർ.ടി, എസ്.എസ്.കെ.<br>ഡയറ്റ്, കൈറ്റ്, സീമാറ്റ്, എസ്.ഐ.ഇ.ററി |

എന്നിവർ സംയുക്തമായ തനത്
പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു
നടപ്പിലാക്കുന്നുണ്ട്. കരിക്കുലം റിവിഷൻ
പാഠപുസ്തക പരിഷ്കരണം, അധ്യാപകരുടെ പ്രീ
സർവ്വീസ്, ഇൻസർവ്വീസ് ടെയിനിംഗുകൾ
എന്നിവ എസ്.സി.ഇ.ആർ.ടി വഴിയു
അടിസ്ഥാന സൗകര്യ വികസനത്തിനൊപ്പ
ഡിജിറ്റൽ പഠനത്തിനും ബോധനത്തിനു
ആവശ്യമായ സൗകര്യങ്ങൾ കൈറ്റ് വഴിയു
ലഭ്യമാകുന്നു. സമഗ്ര ശിക്ഷയുടെ
നേതൃത്വത്തിൽ പ്രൈമറി/സെക്കണ്ടറി
ഹയർസെക്കണ്ടറി വിദ്യാഭ്യാസ
ഗുണനിലവാരത്തിൽ പ്രത്യേക ഊന്നൽ
നൽകി നിരവധി പദ്ധതികൾ പഠനനിലവാര
ഉയർത്തുന്നതിന്റെ ഭാഗമായി ചെയ്തുവരുന്നു
അക്കാദമിക് നിലവാരം ഉയർത്തുന്നതിനു
അധ്യാപകരുടെ പരിശീലനത്തിനു
എസ്.എസ്.കെ. യുടെആഭിമുഖ്യത്തിലുള്ള
stars പദ്ധതിയ്ക്ക് കഴിഞ്ഞിട്ടുണ്ട്. വിദ്യാകിരണ
പദ്ധതിയിലൂടെ സ്കൂളുകളുടെ അടിസ്ഥാന
സൗകര്യ വികസനവും അക്കാദമിക
നിലവാരം ഉയർത്തുന്ന വിവിധ പദ്ധതികളു
നടപ്പിൽ വരുത്തുന്നുണ്ട്. കൂടാതെ
പൊതുവിദ്യാഭ്യാസ വകുപ്പ് നേരിട്ട്
നടപ്പിലാക്കുന്ന പദ്ധതികളായ ശ്രദ്ധ
ഫോക്കസ് സ്കൂൾ, മോഡൽ സ്കൂൾസ്
മോഡൽ ഇൻക്ലൂസിവ് സ്കൂൾ, സ്പെഷ്യൽ
എൻറിച്ച്മെന്റ് പ്രോഗ്രാം, ഇംഗ്ലീഷ
എൻറിച്ച്മെന്റ് പ്രോഗ്രാം, സംസ്കൃത, അറബിക്
ഉറുദു എൻറിച്ച്മെന്റ് പ്രോഗ്രാം, പ്രതിഭ
പോഷണപരിപാടി എന്നിവയിലൂടെ
അക്കാദമിക നിലവാരം ഉയർത്തി വിദ്യാഭ്യാസ
മേഖലയിൽ മറ്റു സംസ്ഥാനങ്ങൾക്ക
മാതൃകയാകുവാൻ കേരളത്തിന
കഴിഞ്ഞിട്ടുണ്ട്. പുതിയ പദ്ധതികൾ
ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതോടൊപ്പ
നിലവിൽ വിവിധ ഏജൻസികൾ
പൊതുവിദ്യാഭ്യാസ വകുപ്പിന്റെ
മേൽനോട്ടത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ
തുടരുകയും ചെയ്യുന്നതാണ്. സംസ്ഥാന തല
മുതൽ വിദ്യാലയതലം വരെയുള്ള അക്കാദമിക
മോണിറ്ററിംഗ് ശക്തിപ്പെടുത്തുവാൻ വേണ്ടി
ഈ അധ്യയന വർഷം വിലയിരുത്തൽ
കൂടുതൽ ശാസ്ത്രീയവും സമഗ്രവും ആക്കുന്നതിന
ആവശ്യമായ ഫോർമാറ്റുകൾ വികസിപ്പിച്ച
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | വിവിധ സർക്കാർ വകുപ്പുകൾ സ്കൂളുകളിൽ പരിപാടികൾ സംഘടിപ്പിക്കുന്നതുമൂലം അദ്ധ്യയന ദിവസങ്ങളിൽ ഉണ്ടാകുന്ന കുറവ് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (സി) | സ്കൂളുകൾക്ക് അവധി നൽകിക്കൊണ്ട് ഒരു സർക്കാർ വകുപ്പിന്റെയും മറ്റ പ്രവർത്തനങ്ങൾ നടത്തുന്ന രീതി നിലവിലില്ല. ഏതെങ്കിലും സാഹചര്യത്തിൽ സ്കൂളുകളിൽ പൊതുഅവധി അല്ലാതെ അവധി പ്രഖ്യാപിക്കേണ്ട സാഹചര്യം നിലവിൽ വന്നാൽ മറ്റൊരു അവധി ദിവസം പ്രവർത്തി ദിനമായി മാറ്റുന്നുണ്ട്. |
| (ഡി) | അക്കാദമിക് നിലവാരം ഉയർത്തുന്നതിനും കൂടുതൽ കുട്ടികളെ പൊതുവിദ്യാലയങ്ങളിലേക്ക് ആകർഷിക്കുന്നതിനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ? | (ഡി) | കഴിഞ്ഞ ഏഴ് വർഷക്കാലമായി പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണ നിലവാരം മെച്ചപ്പെടുത്തുന്നതിന് നിരവധി പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. എല്ലാ സ്കൂളുകളിലും മികച്ച ഭൗതിക സാഹചര്യം ഒരുക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യയെ ഫലപ്രദമായി പാഠ്യപദ്ധതി വിനിമയത്തിന് പ്രയോജ നപ്പെടുത്തുന്ന തരത്തിലേയ്ക്ക് ക്ലാസ്സ് മുറികൾ സ്മാർട്ട് ക്ലാസുകളാക്കി മാറ്റി ഓരോ ക്ലാസിലും ആർജിക്കേണ്ട ശേഷി കുട്ടിയുടെ കഴിവിനനുസരിച്ച് പരമാവധി നേടിയെന്ന് ഉറപ്പുവരുത്തുന്നു. പ്രീപ്രൈമറിതലം മുതൽ ഹയർസെക്കണ്ടറിതലം വരെ മാതൃഭാഷാ പഠനത്തിന് മലയാള ഭാഷാ നിയമം കൊണ്ടുവന്നിട്ടുണ്ട്. അതോടൊപ്പം ബന്ധഭാഷ എന്ന നിലയിൽ ഇംഗ്ലീഷ് ഭാഷാപഠനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. എല്ലാ കുട്ടികൾക്കും കലാകായിക - തൊഴിൽ - വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനുള്ള ഇടപെടൽ നടത്തുന്നു. ഈ മൂന്ന് മേഖലകളെയും അടിസ്ഥാനപ്പെടുത്തിയുള്ള പ്രവർത്തന പുസ്തകങ്ങൾ തയ്യാറാക്കി കുട്ടികൾക്ക് നൽകും. ഭിന്നശേഷി കുട്ടികളുടെ അക്കാദമികവും ശാരീരികവുമായ വെല്ലുവിളികൾ പരിഹരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി ഒരു ദേശീയ സെമിനാർ സംഘടിപ്പിക്കുകയുണ്ടായി. ആനുകാലികമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും പരിഷ്കരിക്കുന്നു. |

സെക്ഷൻ ഓഫീസർ